പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം


നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1493

07.06.2018 ൽ
മറുപടിയ്ക്ക്

# പട്ടയവിതരണത്തിന്റെ പുരോഗതി

**ചോദ്യം**


ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ
ശ്രീമതി.സി.കെ.ആശ


**മറുപടി**


ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)


(എ) ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 17 ലാന്റ് ട്രൈബ്യൂണലുകൾക്ക് പുറമേ ദേവസ്വങ്ങൾ ജന്മിയായി വരുന്ന കേസുകളിൽ ക്രയ സർട്ടിഫിക്കറ്റ് നൽകുന്നതിനായി ജില്ലകളിലെ ഭൂപരിഷ്കരണ ഡെപ്യൂട്ടി കളക്ടർ ഓഫീസറായ 17 ദേവസ്വം ലാന്റ് ട്രൈബ്യൂണലും പ്രവർത്തിച്ചുവരുന്നു. ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാൻ ബാക്കിയുള്ള തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രൈബ്യൂണലിന്റെ അധിക ചുമതലയും നൽകിയിട്ടുണ്ട്. ലാന്റ് ട്രൈബ്യൂണലിൽ ഉദ്യോഗസ്ഥരായി നിയമിക്കുന്നവരെ 2 വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്നും അവർ 2 വർഷം സർവ്വീസ് ശേഷിക്കുന്നവരും ആയിരിക്കണമെന്ന് 23.05.2017 ൽ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ലാന്റ് ട്രൈബ്യൂണലുകളിലെ റിപ്പോർട്ടിംഗ് ഓഫീസറായ റവന്യൂ

ഇൻസ്പെക്ടറുടെ ജോലി ഭാരവും സമയബന്ധിതമായി റിപ്പോർട്ടുകൾ സമർപ്പിക്കാൻ കഴിയാത്തതും പരിഹരിക്കാൻ സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസർമാരെയും ഇതിനായുള്ള ഡെസിഗ്നേറ്റഡ് ഓഫീസർമാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പാലക്കാട് ജില്ലയിൽ കാണം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ഭൂരേഖ തഹസിൽദാർമാരെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഓരോ ലാന്റ് ട്രൈബ്യൂണലും പ്രതിമാസം തീർപ്പാക്കേണ്ട കേസുകളുടെ ടാർജറ്റ് നിശ്ചയിച്ച് നൽകുകയും ആയത് ലാന്റ് റവന്യൂ കമ്മീഷണർ, ലാന്റ് ബോർഡ് സെക്രട്ടറി എന്നിവർ പ്രതിമാസ അവലോകനങ്ങളും നടത്തിവരുന്നു. ഇത്തരം നടപടികളിലൂടെ കേസ് തീർപ്പാക്കുന്നതിലും ക്രയ സർട്ടിഫിക്കറ്റ് വിതരണത്തിലും ഗണ്യമായ പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻ വർഷങ്ങളിൽ പ്രതിവർഷം 14000 – 16000 വരെ കേസുകൾ തീർപ്പാക്കിയിരുന്ന സ്ഥാനത്ത് 01.04.2017 മുതൽ 31.03.2018 വരെ 53065 കേസുകൾ തീർപ്പാക്കാനും ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ 2016-2018 കാലയളവിൽ 2 വർഷങ്ങളിൽ 72334 കേസുകൾ തീർപ്പാക്കാനും അതിൽ 42321 പട്ടയങ്ങൾ നൽകാനും കഴിഞ്ഞിട്ടുണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 72B പ്രകാരം കക്ഷികൾക്ക് നേരിട്ട് ലാന്റ് ട്രിബ്യൂണലിൽ ക്രയ സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകുന്നതിനുള്ള സമയപരിധി അവസാനിച്ചിരുന്നു. ഈ കാലാവധി 31.12.2018 വരെ ദീർഘിപ്പിച്ചുകൊണ്ട്

ഉത്തരവായിട്ടുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചതിലൂടെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, വയനാട് ജില്ലകളിലെ കേസുകൾ 500-ൽ താഴെയായി കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പട്ടയവിതരണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ 62495 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച വനഭൂമിയിൽ അവശേഷിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി) ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിലേയ്ക്കായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച 19000 ഏക്കർ ഭൂമി പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ അഞ്ച് ജില്ലകളിൽ ഉൾപ്പെട്ടുവരുന്നതാണ്. ഇത് സംബന്ധിച്ച് നാളിതുവരെ ടി ജില്ലകളിൽ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

<u>പാലക്കാട്</u>- നാളിതുവരെ 679 പേർക്കായി 628.15 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി സ്ഥലം വിതരണം ചെയ്യുന്നതിനുള്ള സർവ്വെ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

<u>മലപ്പുറം</u>- കേന്ദ്ര സർക്കാർ അനുമതി നൽകിയ സ്ഥലം നാളിതുവരെയും വനം വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് വിട്ടുകിട്ടിയിട്ടില്ല. അടിയന്തരമായി ടി സ്ഥലം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്.

വയനാട് - പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ ആകെ കണ്ടെത്തി വിതരണം ചെയ്യേണ്ട 7430 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ 7008 ഏക്കർ ഇതിനകം കണ്ടെത്തിയിട്ടുള്ളതും ബാക്കി 422 ഏക്കർ ഭൂമിയിൽ 142 ഏക്കർ ഭൂമി മുത്തങ്ങ ഭൂസമരത്തിൽ പങ്കെടുത്ത പട്ടികവർഗ്ഗക്കാർക്കായി കണ്ടെത്തുകയും അവശേഷിക്കുന്ന 280 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തീകരിക്കുവാനുള്ളതുമാണ്.

കണ്ണൂർ - ഫോറസ്റ്റ്-റവന്യൂ-സർവ്വേ സ്പെഷ്യൽ ടീമിന്റെ സഹായത്തോടെ സർവ്വെ നടപടികൾ നടന്നുവരുന്നു.

കാസർഗോഡ് - ആകെ അനുമതി ലഭിച്ച 37.1873 ഹെക്ടർ ഭൂമിയിൽ 30.3520 ഹെക്ടർ വിതരണം ചെയ്തിട്ടുള്ളതും ബാക്കി ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്.

Nizamo
സെക്ഷൻ ഓഫീസർ